(4) റിട്ടയേർഡ് വെറ്ററിനറി ഓഫീസർമാരായ ഡോ. ജേക്കബ് ചീരൻ, ഡോ. ജോർജ്ജ്, ഫോറസ്റ്റ് വെറ്ററിനറി ഓഫീസർമാരായ ഡോ. ഈശ്വരൻ, ഡോ. അരുൺ സക്കറിയ.

10-12-2000-ലെ സീസർ മഹസ്സർ പ്രകാരം രാജവെമ്പാല, ശംഖുവരയൻ തുടങ്ങിയ വിവിധയിനം പാമ്പുകളും (181 എണ്ണം), സിംഹവാലൻ കുരങ്ങ്, മുള്ളൻപന്നി, ഉടുമ്പ് തുടങ്ങിയ വിവിധയിനം സസ്തനികളും (55 എണ്ണം), മയിൽ, വർണ്ണകൊക്ക്, പ്രാവ് തുടങ്ങിയ വിവിധയിനം പക്ഷികളും (36 എണ്ണം), 73 മുതലകളും, 24 ആമകളും ഉൾപ്പെടെ ആകെ 369 വന്യജീവികളെ കസ്റ്റഡിയിലെടുക്കുകയും ചെയ്തു.

(സി) ടി മൃഗങ്ങളിൽ 50 എണ്ണത്തിന് ജീവഹാനി സംഭവിച്ചു. ഇതിൽ 26 എണ്ണത്തിന് 13-12-2000-ൽ പാർക്ക് അധികൃതർക്ക് ജീവികളെ തിരികെ കൈമാറുന്നതിനുമുമ്പും 24 എണ്ണം അതിനുശേഷം 14-12-2000 മുതൽ 9-2-2001 വരെയുള്ള കാലയളവിലുമാണ് ജീവഹാനി സംഭവിച്ചത്.

(ഡി) ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

(ഇ) ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ തീയതി 22-10-2000-ലെ കത്ത് പ്രകാരം അഡ്വ. ജനറൽ ആഫീസിൽ കൊടുത്തിരിക്കുകയാണ്. ഈ ഫയലുകൾ കിട്ടുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

വന്യമൃഗങ്ങളെ ഉപദ്രവിക്കുന്നതിനെതിരെ നടപടി

134 [584] ശ്രീമതി രാധാരാഘവൻ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
„ എം. മുരളി:
„ കെ. സുധാകരൻ:
„ ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളെ വേട്ടയാടിയതും, കൊന്നതും, ദേഹോപദ്രവമേൽപ്പിച്ചതും സംബന്ധിച്ച എത്ര കേസുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കേസുകളിൽ എത്രയെണ്ണം ചാർജ്ജ് ചെയ്തു എന്ന് അറിയിക്കുമോ;

(സി) വന്യമൃഗങ്ങളെ വേട്ടയാടുന്നതും കൊല ചെയ്യുന്നതും ദേഹോപദ്രവ മേൽപ്പിക്കുന്നതും അവസാനിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളുണ്ട്. വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 624 കേസുകൾ നിലവിലുണ്ട്.

(ബി) 270 കേസുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) വന്യജീവി (സംരക്ഷണ) നിയമം കർശനമായി നടപ്പാക്കുന്നുണ്ട്. വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട വനസംരക്ഷണ സമിതികൾ, വാച്ചർ-മസ്ദൂർ എന്നിവരുടെ പിന്തുണയോടുകൂടി വനപാലകർ വനാന്തരത്തിൽ സ്ഥിരമായി ക്യാമ്പ് ചെയ്ത് രാപകൽ പട്രോളിംഗ് നടത്തി വന്യജീവി വേട്ട തടയുന്നു. വാർത്താ വിതരണ ശൃംഖല ശക്തിപ്പെടുത്തുക, സംരക്ഷണ വിഭാഗങ്ങൾക്ക് വാഹനങ്ങൾ ലഭ്യമാക്കുക എന്നിവക്ക് പുറമേ സ്ഥിരം കുറ്റവാളികളുടെ പട്ടിക തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പേര്യയിൽ നടന്ന മരംമുറി-സംബന്ധിച്ച കേസ്

135 [591] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പേര്യയിൽ നടന്ന മരംമുറി സംബന്ധിച്ച കേസ് ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ അത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് മൂലം സർക്കാരിനുണ്ടായിട്ടുള്ള നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പേര്യ മരംമുറി സംബന്ധമായി പിടിച്ചെടുത്ത മുഴുവൻ മരങ്ങളും ലേലം ചെയ്തിട്ടുണ്ടോ;

(ഡി) ഇത്തരം മരം മുറിക്ക് ഉത്തരവാദികളായ എല്ലാ വനം, റവന്യൂ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പേര്യ മരംമുറി സംബന്ധിച്ച് കേസ് ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ട്. പ്രസ്തുത കേസ് സംബന്ധിച്ച് കോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്. കേസ് കോടതിയുടെ പരിഗണനയിലാണ്.

(ബി) ഈ കേസുമായി ബന്ധപ്പെട്ട വനംവകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് കുറ്റ പത്രം നൽകിയിട്ടുണ്ട്. അച്ചടക്ക നടപടി തീർപ്പാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പിടിച്ചെടുത്ത മരങ്ങൾ ലേലം ചെയ്തിട്ടുണ്ട്.

(ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടിയെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.